# മഹാത്മാഗാന്ധി സർവകലാശാല

(സംഗ്രഹം)

27.06.2017 ഉച്ചയ്ക്ക് 2.30 മണിയ്ക്ക് ബഹു: വൈസ് ചാൻസലറുടെ ചേംബറിൽ വച്ച് കൂടിയ റൂസ അവലോകന സമിതി യോഗത്തിന്റെ മിനിറ്റ്സ് അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ആസൂത്രണവും വികസനവും III – സെക്ഷൻ**

നം. 4170/പി & ഡി-3/2/2017/ ഭരണവിഭാഗം . തീയതി. പി.ഡി.ഹിൽസ് – 07.07.2017

**പരാമർശം: 27.06.2017 ഉച്ചയ്ക്ക് 2.30 മണിയ്ക്ക് ബഹു: വിസിയുടെ ചേംബറിൽ കൂടിയ റൂസ പദ്ധതി അവലോകന സമിതി യോഗത്തിന്റെ അംഗീകരിച്ച മിനിറ്റ്സ്.**

## ഉത്തരവ്

പരാമർശം പ്രകാരം റൂസ പദ്ധതിയുടെ അവലോകന സമിതിയുടെ യോഗം 27.06.2017, ഉച്ചയ്ക്ക് 2.30 പി.എം.-ന് ബഹു: വൈസ് ചാൻസലറുടെ ചേംബറിൽ ചേരുകയുണ്ടായി. പ്രസ്തുതയോഗത്തിന്റെ തീരുമാനങ്ങൾ ചുവടെ ചേർക്കുന്നു.

1. റൂസ ഫണ്ടുപയോഗിച്ച് സർവകലാശാലയിൽ നടന്നു വരുന്ന വിവിധ കെട്ടിടങ്ങളുടെ പെയിന്റിംഗ്, നവീകരണം, അറ്റകുറ്റ പണികൾ തുടങ്ങിയ പ്രവൃത്തികളുടെ 90% പൂർത്തിയായി കഴിഞ്ഞതായും അവശേഷിക്കുന്ന പഴയ കാന്റീൻ കെട്ടിടത്തിന്റെ നവീകരണ പ്രവൃത്തികൾ നടത്തുന്നതിനായി കെട്ടിടം കരാറുകാരന് കൈമാറുന്ന തിൽ കാലതാമസം നേരിട്ടതിനാലും 12.06.2017 തീയതിയായി മാത്രമേ കാന്റീൻ കെട്ടിടത്തിന്റെ താക്കോൽ കരാറുകാരന് കൈമാറ്റം ചെയ്തിട്ടുള്ളൂ എന്നും ആ കാരണത്താൽ പ്രസ്തുത പ്രവൃത്തി പൂർത്തിയാക്കുന്നതിനായി രണ്ട് മാസത്തെ അധിക സമയം കരാറിലെ പിഴ വ്യവസ്ഥ ഒഴിവാക്കി, നീട്ടി നൽകണമെന്ന് സർവകലാശാല എഞ്ചിനീയർ റിപ്പോർട്ട് ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പ്രവൃത്തികളുടെ അവസാന ഘട്ടം എന്ന നിലയ്ക്ക് അധിക സമയമായി 31.08.2017 വരെ നീട്ടി നൽകണമെന്ന സർവകലാശാല എഞ്ചിനീയറുടെ ശുപാർശ യോഗം അംഗീകരിച്ചു. ഈ പ്രവൃത്തിയുമായി ബന്ധപ്പെട്ട് ഇനി ഒരു കാരണവശാലും സമയം നീട്ടി നൽകുന്നതല്ല എന്നും 31.08.2017-നു ശേഷം ഉണ്ടാകുന്ന കാലതാമസത്തിന് കരാർ പ്രകാരമുള്ള പിഴ ഈടാക്കുന്നതാണ് എന്നും കരാറുകാരനെ അറിയിക്കുന്നതിനും തീരുമാനിച്ചു.
2. ലൈബ്രറി അനക്സ് കെട്ടിട നിർമ്മാണം, ക്യാമ്പസ് സൗന്ദര്യവത്കരണത്തിന്റെ ഭാഗമായി സർവകലാശാലയിൽ ഇന്റർ ലോക്ക് കട്ടകൾ പാകുന്നത്, റോഡുകളുടെ നവീകരണം, കുട്ടികളുടെ ഹോസ്റ്റലുകളിലെ അടുക്കള നവീകരണ പ്രവർത്തനങ്ങൾ തുടങ്ങിയ പദ്ധതികളുടെ പ്രവൃത്തികൾക്കുള്ള വർക്ക് ഓർഡറുകൾ നൽകി കഴിഞ്ഞതായും പ്രവൃത്തികൾ ആരംഭിച്ചതായുമുള്ള സർവകലാശാല എഞ്ചിനീയറുടെ റിപ്പോർട്ട് യോഗം അംഗീകരിച്ചു.
3. റൂസ പദ്ധതിയിൽ ഉൾപ്പെടുത്തി സ്റ്റുഡന്റ് അമിനിറ്റി ആൻഡ് ഇൻകുബേഷൻ സെന്റർ കെട്ടിട നിർമ്മാണത്തിനായുള്ള പദ്ധതി പ്രദേശത്ത് നിന്നുള്ള നിർദ്ദേശിക്കപ്പെട്ടിട്ടുള്ള മരങ്ങൾ മുറിച്ചു മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ എസ്റ്റേറ്റ് ഓഫീസർക്ക് നിർദ്ദേശം നൽകി. കൂടാതെ പ്രവൃത്തികൾ കാലതാമസം

(മറുപുറം...)

കൂടാതെ പൂർത്തീകരിക്കേണ്ടതിനാൽ പ്രസ്തുത പദ്ധതിയുടെ പണികൾ ത്വരിതപ്പെടുത്തുന്നതിന് സർവകലാശാല എഞ്ചിനീയറെ ചുമതലപ്പെടുത്തി.

4. സർവകലാശാലയിലെ നാല് സയൻസ് ഡിപ്പാർട്ട്മെന്റുകളിലേക്ക് ലബോറട്ടറി ഉപകരണങ്ങൾ വാങ്ങുന്നതിനായി 65 ലക്ഷം രൂപ വീതം വകുപ്പു തലവൻമാരുടെ അക്കൗണ്ടിലേക്ക് മാറ്റി നൽകിയെന്ന് പി & ഡി-3 സെക്ഷൻ റിപ്പോർട്ട് ചെയ്തു. ഇതുമായി ബന്ധപ്പെട്ട് നടപടികൾ ജൂലൈ 15-ന് മുൻപായി പൂർത്തിയാക്കുന്നതിനായി നാല് സയൻസ് ഡിപ്പാർട്ട്മെന്റ് തലവൻമാർക്കും നിർദ്ദേശം നൽകാൻ പി & ഡി-3 സെക്ഷനെ ചുമതലപ്പെടുത്തി.

5. ഇ-ഗവേണൻസ് പ്രോഗ്രാമിനും സി-ടെക്സിനുമായി കമ്പ്യൂട്ടറുകൾ വാങ്ങുന്നത് സംബന്ധിച്ച് ടെൻഡർ രേഖകൾ തയ്യാറാക്കിക്കഴിഞ്ഞു എന്ന് ജോയിന്റ് രജിസ്ട്രാർ-1 (ഭരണവിഭാഗം) റിപ്പോർട്ട് ചെയ്തു. ടെൻഡറിൽ ഉൾപ്പെടുത്തേണ്ട ടെക്നിക്കൽ സ്പെസിഫിക്കേഷനിൽ കുറച്ച് കൂടി വ്യക്തത വരുത്തേണ്ടതിനാൽ കുറച്ചു കൂടി സമയം ആവശ്യമുണ്ടെന്നും രണ്ട് ദിവസത്തിനുള്ളിൽ അന്തിമ ടെൻഡർ രേഖകൾ അംഗീകാരത്തിനായി സമർപ്പിക്കാം എന്നും ജോയിന്റ് രജിസ്ട്രാർ-1 (ഭരണവിഭാഗം) റിപ്പോർട്ട് ചെയ്തത് യോഗം അംഗീകരിച്ചു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്
പ്രഭാകരൻ പിള്ള .കെ
ഡെപ്യൂട്ടിരജിസ്ട്രാർ (പി & ഡി)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്:

1. വി.സി/പി.വി.സി എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
2. രജിസ്ട്രാർ/ഫിനാൻസ് ഓഫീസർ എന്നിവരുടെ പേഴ്സനൽ അസിസ്റ്റന്റുമാർ
3. ഡോ. കെ. ഷെറഫുദ്ദീൻ, സിൻഡിക്കേറ്റ് സ്റ്റാൻഡിങ്ങ് കമ്മിറ്റി കൺവീനർ, ഫിനാൻസ്
4. ഡോ. കെ. കൃഷ്ണദാസ്, സിൻഡിക്കേറ്റ് സ്റ്റാൻഡിങ്ങ് കമ്മിറ്റി കൺവീനർ, ആസൂത്രണവും വികസനവും
5. ഡോ. ബി. പ്രകാശ് കുമാർ, പ്രൊഫസർ, സ്കൂൾ ഓഫ് ബയോസയൻസസ്
6. ശ്രീ. മുഹമ്മദ് ആരിഫ്, റിസർച്ച് സ്കോളർ, ഐ.ഐ.യു.സി.എൻ.എൻ
7. സർവകലാശാല എഞ്ചിനീയർ (ചുമതല വഹിക്കുന്ന)
8. എസ്റ്റേറ്റ് ഓഫീസർ
9. വകുപ്പു തലവൻ, സ്കൂൾ ഓഫ് പ്യൂയർ ആൻഡ് അപ്ലൈഡ് ഫിസിക്സ്
10. വകുപ്പു തലവൻ, സ്കൂൾ ഓഫ് എൻവയോൺമെന്റൽ സയൻസസ്
11. വകുപ്പു തലവൻ, സ്കൂൾ ഓഫ് കെമിക്കൽ സയൻസസ്
12. വകുപ്പു തലവൻ, സ്കൂൾ ഓഫ് ബയോസയൻസസ്
13. ജോയിന്റ് രജിസ്ട്രാർ - I (ഭരണവിഭാഗം)
14. ഫിനാൻസ് IV/ഓഡിറ്റ് I
15. ജോയിന്റ് ഡയറക്ടർ, എൽ.എഫ്.എ/അക്കൗണ്ട്സ് V
16. ജനറൽ കാഷ്
17. സി.എം.സ്
18. എസ്.എഫ്/എഫ്.സി
19. റെക്കോർഡ്സ് സെക്ഷൻ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

**ഫയൽ നം: പി & ഡി-3/2/702/281/2016/ഭരണവിഭാഗം (സബ് ഫയൽ)**